## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in


---

നം: **DHS/16112/2026-ES6** തീയതി: **24-07-2026**

### <u>സർക്കുലർ</u>

വിഷയം:- ആവഡ- സ്പെഷ്യലിറ്റി കേഡർ **Junior Consultants (Forensic medicine)** വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ നിലവിലെ സീനിയോറിറ്റി പട്ടിക **31.12.2025** വരെയുള്ള കാലയളവിലേക്ക് ആവശ്യമായ ഉൾപ്പെടുത്തലുകളോടെ പുതുക്കി പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- **1)** ജി.ഒ(പി) നം.**69/2010/**ആകുവ തീയതി **17.02.2010.**

**2)** ജി.ഒ(പി) നം.**2591/2021/**ആകുവ തീയതി **22.11.2021.**

**3)** നം. എ**2/37/2022/**ആകുവ തീയതി **24.06.2022**

**4) ES7(Spl.Cell)-24358/2023/DHS** തിയതി **18.03.2024**

സ്പെഷ്യലിറ്റി കേഡർ വിഭാഗത്തിൽ **1.12.2023** മുതൽ **31.12.2025** വരെ ജൂനിയർ കൺസൾട്ടന്റ് **(Forensic medicine)** തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചവരും സൂചന **(4)** പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ **(30..11.2023** വരെയുള്ള) വ്യത്യസ്ത കാരണങ്ങളാൽ ഇടംനേടാൻ കഴിയാത്ത (സൂചന **1, 2**-ലെ സ്പെഷ്യൽ റൂളിലെ നിബന്ധനകൾക്കും സൂചന **3**-ലെ സർക്കാർ നിർദേശങ്ങൾക്കും വിധേയമായി) ജൂനിയർ കൺസൾട്ടന്റമാരിൽനിന്നും സീനിയോറിറ്റി പട്ടിക പുതുക്കുന്നതിനും/ഉൾപ്പെടുന്നതിനും നിർദിഷ്ട പ്രൊഫോർമയിൽ അപേക്ഷ സ്വീകരിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

2. പ്രൊഫോർമ സമർപ്പിക്കുന്നതോടൊപ്പം മെഡിക്കൽ ഓഫീസറുടെ **Posting Order,** ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ **Palacement Order,** ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ **Joining RTC,** ഈ കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള യോഗ്യസേവനകാലമായി പരിഗണിക്കാത്ത ശൂന്യവേതനവധി (LWA)/ അച്ചടക്ക നടപടിയുടെ ഭാഗമായി യോഗ്യകാലമായി പരിഗണിക്കാത്ത കാലയളവ് ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

3.ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമയിൽ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാ ണ്.

4. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും (ആരോഗ്യം) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ സമർപ്പിച്ച പ്രൊഫോർമകൾ ശേഖരിച്ച് എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് സൂക്ഷ്മപരിശോധന നടത്തി **15.08.2026**-നോ അതിന് മുൻപോ ഈ ഓഫീസിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

Digitally signed by
Meenakshy V
Date: 24-07-2026
15:28:17

**DIRECTOR OF HEALTH SERVICES**

ഉള്ളടക്കം : പ്രൊഫോർമ

സ്വീകർത്താവ്:

1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം) (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

2.എല്ലാ ആശുപത്രി സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാർക്കും- (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

4. ഫയൽ/കരുതൽ ഫയൽ